# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1895 — 17.12.2012- ൽ മറുപടിക്ക്

ചോദ്യം — ഉത്തരം
ശ്രീ. എസ്. ശർമ്മ — ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി)

## മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി

| | |
|---|---|
| എ) മത്സ്യത്തൊഴിലാളി കടാശ്വാസത്തിനായി എത്ര പേരെയാണ് നാളിതുവരെ ശുപാർശ ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | എ) നാളിതുവരെ 109143 പേരുടെ വായ്പയിന്മേൽ കടാശ്വാസം ശുപാർശ ചെയ്തിട്ടുണ്ട്. |
| ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ശുപാർശ ചെയ്ത എത്ര പേർക്ക് കടാശ്വാസ തുക അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ ; | ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ളതും 1969-ലെ കേരള കോ-ഓപറേറ്റീവ് സൊസൈറ്റീസ് ആക്റ്റ് പ്രകാരം പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ, സഹകരണ ബാങ്കുകൾ തുടങ്ങിയ സാമ്പത്തിക സ്രോതസ്സുകളിൽ നിന്ന് വായ്പയെടുത്ത് കുടിശ്ശികയായിട്ടുള്ള 15738 മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം അനുവദിക്കുന്നതിനായി 49,70,20,294 രൂപ സഹകരണ വകുപ്പ് രജിസ്ട്രാർക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. മത്സ്യഫെഡിൽ നിന്നും മത്സ്യത്തൊഴിലാളി സംഘങ്ങളിൽ നിന്നും വായ്പയെടുത്ത് കുടിശ്ശികയായിട്ടുള്ള 291 മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം നൽകുന്നതിനായി മത്സ്യഫെഡ് മാനേജിംഗ് ഡയറക്ടർക്ക് 35,95,000 രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്(ആകെ 50.06 കോടി രൂപ) |
| സി) ദേശസാൽകൃത ബാങ്കുകളിൽ നിന്നും മത്സ്യത്തൊഴിലാളികൾ എടുത്തിട്ടുള്ള കടങ്ങൾക്ക് ആശ്വാസം അനുവദിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | സി) ദേശസാൽകൃത ബാങ്കുകളിൽ നിന്നും വായ്പയെടുത്തവരിൽ 3028 പേരുടെ കടാശ്വാസം ശുപാർശ ചെയ്തിട്ടുണ്ട്. ദേശസാൽകൃത ബാങ്കുകളുടെ പ്രതിനിധികളും സർക്കാരുമായി അഭിപ്രായ സമന്വയം ഉണ്ടാക്കി ഈ വിഷയത്തിൽ |

| | |
|---|---|
| | തീരുമാനമെടുക്കേണ്ടതുണ്ട്. |
| ഡി) മത്സ്യത്തൊഴിലാളികൾ എടുത്തിട്ടുള്ള കടങ്ങൾക്ക് സർക്കാർ പ്രഖ്യാപിച്ച മൊറൊട്ടോറിയം നിലനിൽക്കെ പണം തിരിച്ചു പിടിക്കുന്നതിന് വിവിധ ബാങ്കുകളിൽ നടപടികൾ സ്വീകരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത്തരം പരാതികൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയിൽ ഉന്നയിച്ചിട്ടുണ്ട്. കൂടാതെ കമ്മീഷന്റെ പരിഗണനയിലിരിക്കുന്ന കേസുകളിൽ ജപ്തിനടപടികൾ സ്വീകരിക്കാൻ പാടില്ല എന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ഇ) മത്സ്യത്തൊഴിലാളികൾ എടുത്തിട്ടുള്ള കടങ്ങൾക്ക് പ്രഖ്യാപിച്ച മൊറൊട്ടോറിയത്തിന്റെ കാലാവധി എന്നുവരെയാണ്; മൊറൊട്ടോറിയത്തിന്റെ കാലാവധി ദീർഘിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ? | ഇ) മൊറൊട്ടോറിയത്തിന്റെ കാലാവധി 31.12.2012 വരെയാണ്. മൊറട്ടോറിയത്തിന്റെ കാലാവധി 31.12.2013 വരെ ദീർഘിപ്പിക്കുന്നകാര്യം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ